വൈദ്യുതി ബോർഡിനെ മൂന്നായി വിഭജിച്ച നടപടി

12 [3149] ശ്രീ. എ. പി. അനിൽകുമാർ:
,, എ. കെ. മണി:
പ്രൊഫസർ എ. ഡി. മുസ്തഫ:
ശ്രീ. വി. ജെ. പൗലോസ്:
,, ഡൊമിനിക് പ്രസന്റേഷൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യുച്ഛക്തി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് വൈദ്യുതി ബോർഡിനെ മൂന്നായി വിഭജിച്ചത് എന്ന് മുതലാണെന്ന് വെളിപ്പെടുത്താമോ;

(ബി) വിഭജിക്കപ്പെട്ട ഔരോ വിഭാഗവും പ്രത്യേകം കമ്പനികളായാണോ മറ്റേതെങ്കിലും വിധത്തിലാണോ പ്രവർത്തിക്കുന്നതെന്ന് വിശദീകരിക്കുമോ;

(സി) ഡിസ്ട്രിബ്യൂഷൻ സംബന്ധിച്ച വിഭാഗത്തിന്റെ ഇതുവരെയുള്ള പ്രവർത്തനത്തിൽ അതിന് ലാഭമാണോ നഷ്ടമാണോ ഉണ്ടായിട്ടുള്ളതെന്ന് വ്യക്തമാക്കാമോ;

(ഡി) ഡിസ്ട്രിബ്യൂഷൻ വിഭാഗത്തിനോ മറ്റേതെങ്കിലും വിഭാഗത്തിനോ സബ്സിഡി കൊടുക്കുവാൻ ഉദ്ദേശ്യമുണ്ടോ?

ഉത്തരം

(എ) 21-3-2002-ലെ ബി. ഒ. (എഫ്. സി.) നമ്പർ 413/2002 (ററി.സി. 1/എസ്1/റിഫോം/2000/02) പ്രകാരം കെ. എസ്. ഇ. ബി.-യിൽ ഉൽപ്പാദനം, പ്രസരണം, വിതരണം എന്നീ മൂന്ന് ലാഭ കേന്ദ്രങ്ങൾ 1-4-2002 മുതൽ നിലവിൽ വന്നു.

(ബി) ഈ വിഭാഗങ്ങൾ കമ്പനികളായിട്ടല്ല പ്രവർത്തിക്കുന്നത്. വൈദ്യുതി ബോർഡിന്റെ ഭാഗമായിത്തന്നെ പ്രവർത്തിച്ചു വരുന്നു.

(സി) ഓരോ ലാഭ കേന്ദ്രങ്ങളുടേയും ആസ്തി, ബാദ്ധ്യത, ലാഭം/നഷ്ടം എന്നിവ തരം തിരിക്കുന്നതിനുള്ള നടപടികൾ നടന്നുവരുന്നു. ഇവ പൂർത്തിയായിട്ടില്ല.

(ഡി) ലാഭകേന്ദ്രങ്ങൾക്ക് തരം തിരിച്ച് സബ്സിഡി നൽകുന്ന കാര്യം പരിഗണനയിലില്ല.

വൈദ്യുതി ബോർഡിന്റെ ചെലവു ചുരുക്കൽ

13 [3150] ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ:
,, ടി. യു. രാധാകൃഷ്ണൻ:
,, തേറമ്പിൽ രാമകൃഷ്ണൻ:
,, വി. ഡി. സതീശൻ:
,, കെ. എ. ചന്ദ്രൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യുച്ഛക്തി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ ഗവൺമെന്റ് അധികാരത്തിൽ വന്നതിനുശേഷം വൈദ്യുതി ബോർഡിന്റെ ചെലവുകൾ ചുരുക്കുവാൻ കഴിഞ്ഞിട്ടുണ്ടോ;

LIBRARY ARCHIVES Kerala Legislative Assembly